LIBRARY ARCHIVES Kerala Legislative Assembly

വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാരുടെ ക്വാർട്ടേഴ്സ്

242 (4866) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴൂർ ഗവൺമെന്റ് പ്രസ്സിൽ ജീവനക്കാരുടെ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) റീമുകൾ സൂക്ഷിക്കുവാനുള്ള ഗോഡൗണിന്റെ നിർമ്മാണ പ്രവർത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാഴൂർ ഗവൺമെന്റ് പ്രസ്സിനോടനുബന്ധിച്ച് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനാവശ്യമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റീൽപേപ്പൽ ഗോഡൗൺ നിർമ്മാണത്തിനുള്ള 38 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത്വകുപ്പ് ചീഫ് എൻജിനീയർ നൽകിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം, ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ, സമർപ്പിയ്ക്കുവാൻ അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിനുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ

243 (4867) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് താലൂക്ക്. ഓഫീസ് വഴി അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും പ്രസ്തുത ഗസറ്റ് പ്രസിദ്ധീകൃതമാകുന്ന തീയതി മുതൽ ഒരു മാസത്തിനുള്ളിൽ പരാതി ബോധിപ്പിക്കണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗസറ്റുകൾ താലൂക്ക് ഓഫീസിൽ താമസിച്ച് എത്തുന്നതുമൂലം യഥാർത്ഥ അവകാശികൾക്ക് അർഹത നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിനായി ഗസറ്റ് പ്രസിദ്ധീകൃതമായതിനുശേഷം ഒരു മാസത്തിനുള്ളിൽ തന്നെ താലൂക്ക് ഓഫീസിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലതാമസം ഒഴിവാക്കുന്നതിനായി ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

4612,4620,4625,4649,4651,4654,4665,4666,4667,4669,4670,4684, 4686,4687,4689,4690,4691,4692,4698,4702,4757 എന്നീ നക്ഷത്രചിഹ്ന മിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.

II അടിയന്തരപ്രമേയം

ആദിവാസി ഭൂമി

മി. സ്പീക്കർ : അട്ടപ്പാടിയിലെ ഷോളയാർ പഞ്ചായത്തിൽപ്പെട്ട നല്ലശിങ്ക, വരനംപാടി ആദിവാസി ഊരുകളിലെ നൂറുകണക്കിന് ഏക്കർ ഭൂമി വ്യാജ ആധാരത്തിലൂടെ റിയൽ എസ്റ്റേറ്റ് മാഫിയ കൈവശപ്പെടുത്തിയതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ. പി. മോഹനൻ, കെ. ബി. ഗണേഷ്കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, പാലക്കാട് ജില്ലയിലെ കോട്ടത്തറ വില്ലേജിൽ നല്ലശിങ്ക, വരനംപാടി ഊരുകളിൽപ്പെടുന്ന സർവ്വേ 1275-ൽ ഉൾപ്പെടുന്ന 150 -ഓളം ഏക്കർ ഭൂമി അന്യാധീനപ്പെട്ടുപോയതായി അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസർ 7-5-2010-ന് ഒറ്റപ്പാലം ആർ.ഡി.ഒ.യ്ക്കും ജില്ലാകളക്ടർക്കും റിപ്പോർട്ട് നൽകിയിട്ടുണ്ട്. അട്ടപ്പാടിയിലെ ആദിവാസികൾക്ക് അവകാശപ്പെട്ടതും അവർ കൈവശം വച്ചുവരുന്നതുമായ ഭൂമിയടക്കം കൈമാറ്റം ചെയ്യപ്പെട്ടുവെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ പരിശോധനാവിഭാഗം പ്രാഥമിക അന്വേഷണം നടത്തുകയും വിശദമായ അന്വേഷണത്തിന് ഒറ്റപ്പാലം ആർ.ഡി.ഒ.യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആർ.ഡി.ഒ. യുടെ അന്വേഷണത്തിൽ അഗളി സബ് രജിസ്ട്രാർ ഓഫീസ് നിലവിൽവന്ന 1987 മുതൽ 2009 വരെയുള്ള കാലങ്ങളിൽ സർവ്വേ-1275 -ൽ ഉൾപ്പെട്ട ഭൂമിയെ സംബന്ധിച്ച് 101 പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. സർവ്വേ 1275-ൽ എ ആന്റ് ബി. രജിസ്റ്റർ പ്രകാരം വിസ്തീർണ്ണം 73.8275 ഹെക്ടറാണ്. എന്നാൽ ഈ വിസ്തീർണ്ണത്തിലും കൂടുതൽ ഭൂമി ഈ സർവ്വേ നമ്പരിൽ

LIBRARY ARCHIVES Kerala Legislative Assembly